# ലാഭം ഉറപ്പായ നിക്ഷേപം ആഗ്രഹിക്കുന്നവരോട്

عَنِ الْحَسَنِ، قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَرْوِي ذَلِكَ عَنْ رَبِّهِ عَزَّ وَجَلَّ أَنَّهُ يَقُولُ: يَا ابْنَ آدَمَ، أَوْدِعْ مِنْ كَنْزِكَ عِنْدِي وَلَا حَرَقَ، وَلَا غَرَقَ، وَلَا سَرَقَ أُوفِيكَهُ أَحْوَجَ مَا تَكُونُ إِلَيْهِ (بيهقي)

**ഹസൻ (റ) നിവേദനം ചെയ്യുന്ന ഖുദ്സിയായ ഹദീസ്: അല്ലാഹു പറഞ്ഞതായി റസൂൽ(സ) പറഞ്ഞു: " ആദമിന്റെ മകനേ, നിന്റെ സമ്പത്ത് എന്റെ മാർഗത്തിൽ ചെലവഴിക്കുക. എന്റെയടുക്കലത് തീയാലോ വെള്ളത്താലോ നശിച്ചുപോവുകയില്ല. ആരാലും അപഹരിക്കപ്പെടുകയുമില്ല. അതിന് പകരം നിനക്ക് ആവശ്യമുള്ളതെന്തോ അത് ഞാൻ നൽകും" (ബൈഹഖി).**

സ്വന്തത്തേക്ക് ചുരുങ്ങി മറ്റുള്ളവർക്ക് തന്റെ ധനത്തിൽനിന്ന് ഒട്ടും നൽകാതെ അതെങ്ങനെ മെയ്യനങ്ങാതെ ഇരട്ടിപ്പിക്കാമെന്നതാണ് മിക്ക മനുഷ്യരുടെയും ചിന്ത. കൊടുത്താൽ കുറഞ്ഞുപോകുമെന്നാണ് ഭൗതികത മനുഷ്യനെ പഠിപ്പിച്ചിട്ടുള്ളത്. തന്റെ ഭാവിയിലേക്കായി പണം ഡെപ്പോസിറ്റ് ചെയ്യുക, ഉള്ളത് പിശുക്കി ചെലവഴിക്കുക എന്നീ ഭൗതിക കാഴ്ചപ്പാടുകൾക്കുള്ള ഇസ്‌ലാമിക പാഠഭേദമാണ് ഈ പ്രവാചക വചനം. സമ്പത്തിനോടുള്ള ഇസ്‌ലാമിന്റെ മൗലിക കാഴ്ചപ്പാട് കൂടിയാണിത്. ദാനധർമങ്ങൾ വഴി സമ്പത്ത് ചെലവിടുമ്പോൾ അത് കുറയുകയല്ല, വർധിക്കുകയാണ് ചെയ്യുക എന്നതാണ് ഇസ്‌ലാമിക വിശ്വാസം. നബി(സ) പറയുന്നു: "മൂന്ന് കൂട്ടരെപ്പറ്റി എനിക്ക് ശപഥം ചെയ്യാൻ കഴിയും. ഒന്നാമതായി ദാനശീലരായ ആളുകളാണ്. ദാനം കൊണ്ട് അവരുടെ സമ്പാദ്യത്തിൽ ഒരു കുറവും വരികയില്ല. പിന്നെ മർദിതനാണ്. ക്ഷമാപൂർവം സത്യമാർഗത്തിൽ ഉറച്ചുനിന്നാൽ അല്ലാഹു അവനെ ബഹുമാന്യനാക്കും. യാചകനാണ് മൂന്നാമൻ. യാചനയുടെ വാതിൽ ഒരാൾ തുറക്കുന്നതോടെ അല്ലാഹു അവന് ദാരിദ്ര്യത്തിന്റെ വാതിലും തുറന്നിടും" (ഇബ്നുമാജ).

മനുഷ്യൻ തനിക്കു വേണ്ടി ചെലവഴിക്കുന്ന ധനം ദുൻയാവിൽ വെച്ചുതന്നെ നശിക്കുമ്പോൾ ദൈവിക പ്രതിഫലമുദ്ദേശിച്ച് ദാനം ചെയ്തത് മാത്രമായിരിക്കും അവശേഷിക്കുക എന്ന് നബി(സ) വ്യക്തമാക്കിയിട്ടുണ്ട്. അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം. നബി(സ) പറഞ്ഞു: "എന്റേത്, എന്റേത് എന്ന് മനുഷ്യൻ പറയുന്ന സമ്പത്ത് മൂന്ന് തരമാണ്. തിന്നുന്നതും കുടിക്കുന്നതുമാണ് ആദ്യത്തേത്. അത് തിന്നും കുടിച്ചും തീർന്നുപോകുന്നു. ഉടുക്കുന്ന വസ്ത്രമാണ് രണ്ടാമത്തേത്. അത് ഉപയോഗിച്ച് ജീർണിച്ചുപോകുന്നു. മറ്റുള്ളവർക്ക് ദാനം ചെയ്യുന്നത് മാത്രമാണ് പരലോകത്തേക്ക് കരുതിവെക്കപ്പെടുന്നത്. ബാക്കിയെല്ലാം അവൻ ഇവിടെ ഇട്ടേച്ചുപോകുന്നു. ഒന്നും അവന് ഉപകാരപ്പെടുന്നില്ല" (മുസ്‌ലിം).

ദാനമെന്നത് ധനികന് മാത്രം സാധിക്കുന്ന പുണ്യകർമമായല്ല ഇസ്‌ലാം പരിചയപ്പെടുത്തുന്നത്. സമ്പന്നൻ അതിനനുസരിച്ച് നൽകുമ്പോൾ അല്ലാത്തവൻ അവനുള്ളതനുസരിച്ച് നൽകണമെന്ന് മാത്രം. ദുൻയാവിലെ എല്ലാ ആവശ്യങ്ങളും നിറവേറ്റിയ ശേഷം നൽകേണ്ടതല്ല ധർമം. ഒരാൾ നബി(സ)യോട് ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, ഏതുതരം ദാനമാണ് കൂടുതൽ പ്രതിഫലം നേടിത്തരിക?" നബി(സ) പറഞ്ഞു: "നിങ്ങൾ ആരോഗ്യവാനും പണത്തിന് ആവശ്യമുള്ളവനുമായിരിക്കെ കൊടുക്കുന്ന ദാനം. ദാരിദ്ര്യത്തെ നിങ്ങൾ ഭയക്കുന്ന സന്ദർഭമാണത്. ധനികനായിത്തീരണമെന്ന് ആഗ്രഹിക്കുന്ന സമയവും. മരണമെത്തുന്നതുവരെ ദാനം നീട്ടിവെക്കരുത്."

നബി(സ) ധനികനായിരുന്നില്ല. പക്ഷേ, അവിടുന്നായിരുന്നു മദീനയിലെ ഏറ്റവും വലിയ ദാനശീലൻ. തനിക്ക് ലഭിക്കുന്നതിൽ വലിയൊരു പങ്കും റസൂൽ ദാനം ചെയ്യുമായിരുന്നു. നബികുടുംബവും ഇങ്ങനെയായിരുന്നു. റസൂൽ(സ) ഭാര്യമാരുടെ ദാനത്തെ എപ്പോഴും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ആഇശ(റ) ഒരിക്കൽ ഒരാടിനെ അറുത്ത് മാംസം ദാനം ചെയ്തു. വിതരണമൊക്കെ കഴിഞ്ഞപ്പോൾ നബി(സ) ചോദിച്ചു: "എന്താണ് ബാക്കിയുള്ളത്?" ആഇശ(റ) പറഞ്ഞു: "തോൾ ഭാഗം മാത്രമേയുള്ളൂ. ബാക്കിയെല്ലാം വിതരണം ചെയ്തു." അപ്പോൾ നബി(സ) അവരെ തിരുത്തിക്കൊണ്ട് പറഞ്ഞു: "തോൾ ഭാഗമൊഴികെ എല്ലാം ബാക്കിയായിട്ടുണ്ട് ആഇശാ" (തിർമിദി).

ദാനശീലമുള്ളവർ അല്ലാഹുവിന് മാത്രമല്ല ജനങ്ങൾക്കും പ്രിയങ്കരരായിരിക്കും. പിശുക്കർ തിരിച്ചും. നബി(സ) വ്യക്തമാക്കുന്നു: ''ദാനശീലൻ അല്ലാഹുവിന്റെ സാമീപ്യം നേടുന്നു. മനുഷ്യരോടും സ്വർഗത്തോടും അടുക്കുന്നു. നരകത്തിൽനിന്ന് അകന്നുപോകുന്നു. പിശുക്കനാവട്ടെ അല്ലാഹുവിൽനിന്നും മനുഷ്യരിൽനിന്നും സ്വർഗത്തിൽനിന്നും അകന്നുപോവുകയും നരകത്തോടടുക്കുകയും ചെയ്യുന്നു. വിജ്ഞാനിയല്ലാത്ത ഒരു ദാനശീലനെയാണ് പിശുക്കനായ ഒരു ഭക്തനേക്കാൾ അല്ലാഹുവിനിഷ്ടം.'' ●